**UNIT 1**

# വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ

## ***01/06/2020 – Class 1***

**Activity 1**

*പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിച്ച് വൈദ്യുത ഉപകരണങ്ങളുടെ പേരെഴുതുക*

1. *വൈദ്യുത ബൾബ്*
2. *വൈദ്യുത ഫാൻ*
3. *മിക്സി*
4. *മൈക്രോ വേവ് അവൻ*
5. *വൈദ്യുത ഹീറ്റർ*
6. *ഇൻഡക്ഷൻ കുക്കർ*
7. *ഇൻവേർട്ടർ*

**Activity 2**

| ഉപകരണം | ഉപയോഗം | ഊർജമാറ്റം |
|---|---|---|
| വൈദ്യുത ബൾബ് | പ്രകാശം ലഭിക്കാൻ | വൈദ്യുതോർജം പ്രകാശോർജം ആകുന്നു |
| ഇൻഡക്ഷൻ കുക്കർ | താപം ലഭിക്കാൻ | വൈദ്യുതോർജം താപോർജം ആകുന്നു |
| സ്റ്റോറേജ് ബാറ്ററി ( ചാർജ് ചെയ്യുമ്പോൾ ) | വൈദ്യുത ചാർജ് സംഭരിക്കാൻ | വൈദ്യുതോർജം രാസോർജം ആകുന്നു |
| മിക്സി | യാന്തികോർജം ലഭിക്കാൻ | വൈദ്യുതോർജം യാന്ത്രികോർജം ആകുന്നു |
| സോൾഡറിങ് അയൺ | താപം ലഭിക്കാൻ | വൈദ്യുതോർജം താപോർജം ആകുന്നു |
| വൈദ്യുത കാന്തം | കാന്തികോർജം ലഭിക്കാൻ | വൈദ്യുതോർജം കാന്തികോർജം ആകുന്നു |
| വൈദ്യുത മോട്ടോര് | യാന്തികോർജം ലഭിക്കാൻ | വൈദ്യുതോർജം യാന്ത്രികോർജം ആകുന്നു |

**നിഗമനം**

1. ***വൈദ്യുതോർജത്തെ വിവിധ ഊർജരൂപങ്ങളാക്കി മാറ്റം***

2. ***വൈദ്യുതോർജത്തെ ഒരു ഉപകരണം പ്രയോജനപ്രദമായ ഏത് ഊർജരൂപത്തിലേക്കാണോ മാറ്റുന്നത് അതായിരിക്കും അതിലൂടെയുള്ള വൈദ്യുതപ്രവാഹത്തിന്റെ ഫലമായി കണക്കാക്കുന്നത്***

## Activity 3

**<u>വൈദ്യുത ഉപകരണങ്ങളും അവയുടെ ഫലങ്ങളും</u>**

| വൈദ്യുത ഉപകരണം | ഫലങ്ങൾ |
|---|---|
| വൈദ്യുത ബൾബ് | പ്രകാശഫലം |
| വൈദ്യുത മോട്ടോർ | യാന്ത്രിക ഫലം |
| വൈദ്യുത ഹീറ്റർ | താപഫലം |
| മൊബൈൽ ബാറ്ററി | രാസഫലം |
| മാഗ്നറ്റിക് ക്രെയിൻ | കാന്തികഫലം |
| സോൾഡറിങ് അയൺ | താപഫലം |
| ഇൻഡക്ഷൻ കുക്കർ | താപഫലം |
| ഫാൻ | യാന്ത്രികഫലം |

## വൈദ്യുതപ്രവാഹത്തിന്റെ താപഫലം

## Activity 4




**<u>ആവശ്യമായ സാമഗ്രികൾ</u>**

- ഏകദേശം 5 cm നീളമുള്ള നിക്രോം കമ്പി
- 6 V സ്റ്റോറേജ് ബാറ്ററി

കണക്ഷൻ വയറുകൾ

ചിത്രത്തിൽ തന്നിരിക്കുന്ന വിധത്തിൽ സർക്യൂട്ട് പൂർത്തിയാക്കി വൈദ്യുതി കടത്തിവിടുക

### നിരീക്ഷണം

വൈദ്യുതി കടന്നു പോകുമ്പോൾ നിക്രോം വയർ ചുട്ടുപഴുക്കുന്നു .

**<u>നിഗമനം</u>**

ഇവിടെ വൈദ്യുതോർജം താപോർജമായി മാറുന്നു

## വൈദ്യുതിയുമായി ബന്ധപ്പെട്ട് ഓർത്തിരിക്കേണ്ട ചില ആശയങ്ങൾ

**പൊട്ടൻഷ്യൽ വ്യത്യാസം ( വോൾട്ടേജ്) V**

**ഒരു ചാലകത്തിലൂടെവൈദ്യുതി പ്രവഹിക്കണമെങ്കിൽ ആ ചാലകത്തിന്റെ അഗ്രങ്ങൾക്കിടയിൽ ഒരു പൊട്ടൻഷ്യൽ വ്യത്യാസം ഉണ്ടായിരിക്കണം** . പൊട്ടൻഷ്യൽ കൂടിയസ്ഥലത്തു നിന്ന് കുറഞ്ഞ സ്ഥലത്തേക്കായിരിക്കും വൈദ്യുതപ്രവാഹം .

**ഒരു വോൾട്ട്**

ഒരു ബിന്ദുവിൽ നിന്ന് മറ്റൊരു ബിന്ദുവിലേക്ക് ഒരു കൂളോം ചാർജ് എത്തിക്കാൻ വേണ്ടി ഒരു ജൂൾ പ്രവർത്തി ചെയ്യുവെങ്കിൽ ആ ബിന്ദുക്കൾ തമ്മിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം ഒരു വോൾട്ട് ആയിരിക്കും .

**പൊട്ടൻഷ്യൽ വ്യത്യാസത്തിന്റെ യൂണിറ്റ് - വോൾട്ട് (V)**

പൊട്ടൻഷ്യൽ വ്യത്യാസം അളക്കാനുള്ള ഉപകരണം – വോൾട്ട് മീറ്റർ ( സർക്യൂട്ടിൽ സമാന്തരമായാണ് വോൾട്ട് മീറ്റർ ബന്ധിപ്പിക്കേണ്ടത് )

**വിദ്യുത് ചാലക ബലം ( emf )**

ഒരു ചാലകത്തിന്റെ അഗ്രങ്ങൾക്കിടയിൽ പൊട്ടൻഷ്യൽ വ്യത്യാസം നിലനിർത്താനുള്ള കഴിവാണ് വിദ്യുത് ചാലക ബലം.

**ഒരു സെല്ലിന്റെ വിദ്യുത് ചാലക ബലം**

ഒരു വൈദ്യുത സ്രോതസ് തുറന്ന സർക്യൂട്ടിൽ ആയിരിക്കുമ്പോൾ അതിന്റെ ടെർമിനലുകൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസമാണ് അതിന്റെ ആ സെല്ലിന്റെ വിദ്യുത് ചാലക ബലം (emf)

**വൈദ്യുത പ്രവാഹം Electric Current (I)**

*ഒരു സെക്കന്റിൽ ഒരു ചാലകത്തിലൂടെ ഒഴുകുന്ന വൈദ്യുത ചാർജിന്റെ അളവാണ് വൈദ്യുത പ്രവാഹതീവ്രത അല്ലെങ്കിൽ കറന്റ്.*

***കറന്റ് (I) = ചാർജിന്റെ അളവ് (Q) / പ്രവഹിച്ച സമയം (t)***

$$I = Q / t$$

*കറന്റിന്റെ യൂണിറ്റ് = ആമ്പിയർ* ***(A)*** *{C/s}*

*കറന്റ് അളക്കാനുള്ള ഉപകരണം =* ***അമ്മീറ്റർ*** *( സീരീസായാണ് അമ്മീറ്റർ സർക്യൂട്ടിൽ ഉൾപ്പെടുത്തുന്നത് )*

## പ്രതിരോധം (R)

വൈദ്യുത പ്രവാഹത്തിനുണ്ടാകുന്ന തടസ്സമാണ് പ്രതിരോധം .

**ഒരു ചാലകത്തിന്റെ പ്രതിരോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

1. ചാലകത്തിന്റെ നീളം – നീളം കൂടുമ്പോൾ പ്രതിരോധം കൂടുന്നു .
2. ഛേദതല പരപ്പളവ് (വണ്ണം ) - വണ്ണം കൂടുമ്പോൾ പ്രതിരോധം കുറയുന്നു. .
3. പദാർത്ഥത്തിന്റെ സ്വഭാവം – പദാർത്ഥത്തിന്റെ സ്വഭാവത്തിനനുസരിച്ച് പ്രതിരോധം മാറുന്നു . (നിക്രോമിന് അലുമിനിയത്തേക്കാൾ പ്രതിരോധം കൂടുതലാണ്)
4. താപനില – താപനില കൂടുമ്പോൾ ചാലകത്തിന്റെ പ്രതിരോധം കൂടുന്നു .

## ഓം നിയമം

താപനില സ്ഥിരമായിരുന്നാൽ ഒരു ചാലകത്തിലൂടെയുള്ള കറന്റ് അതിന്റെ രണ്ടഗ്രങ്ങൾക്കിടയിലുള്ള പൊട്ടൻഷ്യൽവ്യത്യാസത്തിന് നേർ അനുപാതത്തിലായിരിക്കും . അതായത് പൊട്ടൻഷ്യൽ വ്യത്യാസവും കറന്റും തമ്മിലുള്ള അനുപാതം ഒരു സ്ഥിരസംഖ്യ ആയിരിക്കും .

$V \propto I$

**V = ഒരു സ്ഥിരസംഖ്യ X I**

**V / I = ഒരു സ്ഥിരസംഖ്യ (പ്രതിരോധം )**

$R = V / I$

## റെസിറ്റിവിറ്റി ( ρ)

**യൂണിറ്റ് ഛേദതല പരപ്പളവും യൂണിറ്റ് നീളവുമുള്ള ഒരു ചാലകത്തിന്റെ പ്രതിരോധമാണ് റെസിറ്റിവിറ്റി .**

$\rho = RA / l$

യൂണിറ്റ് – $\Omega m$

# ***04/06/2020 – Class 2***

## ***Activity 1***

*5 കൂളോം വൈദ്യുത ചാർജ് ഒരു ചാലകത്തിന്റെ ഒരറ്റത്ത് നിന്ന് മറ്റൊരറ്റത്തേക്ക് 10 s കൊണ്ട് പ്രവഹിക്കുന്നു . ഒരു സെക്കന്റിൽ പ്രവഹിച്ച വൈദ്യുത ചാർജ് എത്രയായിരിക്കും .*

***10 s ൽ പ്രവഹിച്ച വൈദ്യുത ചാർജ് = 5 C***

***ഒരു സെക്കന്റിൽ പ്രവഹിച്ച വൈദ്യുത ചാർജ് = 5 C / 10 s = 0.5 C / s = 0.5 A***

***I = Q / t***

***t സെക്കന്റ് കൊണ്ട് പ്രവഹിച്ച ചാർജ് Q = It കൂളോം***

## ***Activity 2***

*ഒരു വസ്തുവിനെ മുകളിലേക്ക് ഉയർത്താൻ നാം ഗുരുത്വാകർഷണ ബലത്തിനെതിരെ ബലം പ്രയോഗിക്കണം . ഒരു ബലത്തിനെതിരായി ഏതൊരു വസ്തുവിനെയും ചലിപ്പിക്കാൻ നാം പ്രവൃത്തി ചെയ്യേണ്ടതുണ്ട്. നാം ചെയ്യുന്ന പ്രവൃത്തി ആ വസ്തുവിൽ ഊർജമായി സംഭരിക്കപ്പെടുന്നു.*

***പ്രവൃത്തി = ബലം X സ്ഥാനാന്തരം***

## ***Activity 3***



+25 C ചാർജ് ഒരു പോയിന്റിൽ സ്ഥിതി ചെയ്യുന്നു . അനന്തതയിൽ നിന്ന് +10 C ചാർജ് ആ പോയിന്റിലേക്ക് കൊണ്ടുവരണമെന്നിരിക്കട്ടെ . +25 C ചാർജിനടുത്തുള്ള രണ്ട് ബിന്ദുക്കളാണ് A യും B യും .

**അനന്തതയിൽ നിന്ന് +10 C ചാർജ് B യിൽ എത്തിക്കാൻ ചെയ്യേണ്ട പ്രവൃത്തി = 200 J**

**ആയതിനാൽ +10 C ചാർജിന്റെ B യിലെ പൊട്ടൻഷ്യൽ 200 J ആയിരിക്കും**

**അനന്തതയിൽ നിന്ന് +10 C ചാർജ് A യിൽ എത്തിക്കാൻ ചെയ്യേണ്ട പ്രവൃത്തി = 300 J**

**+10 C ചാർജിനെ B യിൽ നിന്ന് A യിൽ എത്തിക്കാൻ ചെയ്യേണ്ട പ്രവൃത്തി = 300 – 200 = 100 J**

***അതിനാൽ ഒരു കൂളോം ചാർജിനെ B യിൽ നിന്ന് A യിൽ എത്തിക്കാൻ ചെയ്യേണ്ട പ്രവൃത്തി = 100 J / 10 C = 10 J / C = 10 V***

***യൂണിറ്റ് പോസിറ്റീവ് ചാർജിനെ ഒരു ബിന്ദുവിൽ നിന്ന് മറ്റൊരു ബിന്ദുവിലേക്ക് ചലിപ്പിക്കാൻ ചെയ്യുന്ന പ്രവൃത്തിയാണ് ആ ബിന്ദുക്കൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം . ആയതിനാൽ A ക്കും B ക്കും ഇടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം 10 V ആയിരിക്കും .***

***പൊട്ടൻഷ്യൽ വ്യത്യാസം ( V) = പ്രവൃത്തി (W) / ചാർജ് (Q)***

$$V = W/Q$$

***If ചാർജ് Q = 1 C , പ്രവൃത്തി W = 1 J , ആയാൽ***

$$V = 1/1 = 1\ V$$

***<u>ഒരു വോൾട്ട്</u>***

***ഒരു കൂളോം ചാർജ് ഒരു ബിന്ദുവിൽ നിന്ന് മറ്റൊരു ബിന്ദുവിലേക്ക് ചലിപ്പിക്കാൻ ചെയ്യേണ്ട പ്രവൃത്തി ഒരു ജൂൾ ആണെങ്കിൽ ആ ബിന്ദുക്കൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം ഒരു വോൾട്ട് ആയിരിക്കും.***

$$V = W/Q$$
$$W = QV$$

1. ഒരു കൂളോം ചാർജ് ഒരു വോൾട്ട് പൊട്ടൻഷ്യൽ വ്യത്യാസത്തിലൂടെ ചലിപ്പിക്കാൻ ഒരു ജൂൾ പ്രവൃത്തി ആവശ്യമാണ്.

2. അതുകൊണ്ട് ഒരു കൂളോം ചാർജിനെ V വോൾട്ട് പൊട്ടൻഷ്യൽ വ്യത്യാസത്തിലൂടെ ചലിപ്പിക്കാൻ ചെയ്യേണ്ട പ്രവൃത്തി W = V ജൂൾ ആയിരിക്കും .

3. എങ്കിൽ Q കൂളോം ചാർജിനെ V വോൾട്ട് പൊട്ടൻഷ്യൽ വ്യത്യാസത്തിലൂടെ ചലിപ്പിക്കാൻ ചെയ്യേണ്ട പ്രവൃത്തി

$$W = QV$$

വൈദ്യുത ചാർജിനെ ചാലകത്തിലൂടെ ചലിപ്പിക്കാനാവശ്യമായ പ്രവൃത്തി ചെയ്യുന്നത് സെർക്യൂട്ടിൽ ഘടിപ്പിച്ചിരിക്കുന്ന ബാറ്ററിയാണ്. ബാറ്ററി t സെക്കന്റ് സമയം കൊണ്ട് സെർക്കീട്ടിന് നൽകുന്ന വൈദ്യുത പവർ

$$P = W / t$$

W = QV എന്ന വില മുകളിലത്തെ സമവാക്യത്തിൽ ആരോപിച്ചാല്,

$$P = V Q / t$$

I = Q / t , എന്ന വില മുകളിലത്തെ സമവാക്യത്തിൽ ആരോപിച്ചാൽ

$$P = VI$$

**P = W / t , so W = Pt**

**t സെക്കന്റ് കൊണ്ട് ബാറ്ററി സെർക്യൂട്ടിന് നൽകിയ ഊർജം**
**= P t = V I t**

നിക്രോം ഉൾപ്പെടുത്തിയ സർക്യൂട്ടിൽ ബാറ്ററി ചെലവഴിച്ച വൈദ്യുതോർജം താപോർജമായി മാറ്റപ്പെടുന്നു .

**ആയതിനാൽ H = V I t**

ഓം നിയമം അനുസരിച്ച് V = IR , ഈ വില മുകളിലത്തെ സമവാക്യത്തിൽ ഉപയോഗിച്ചാൽ

$$H = IR(It) = I^2Rt$$

**വൈദ്യുതി കടന്നുപോകുമ്പോൾ നിക്രോം ചുട്ടുപഴുക്കാൻ കാരണമെന്ത്?**

*മുകളിലെ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ പ്രതിരോധം (R) കൂടുമ്പോൾ താപം കൂടുന്നു . നിക്രോമിന് പ്രതിരോധം കൂടുതലായതിനാൽ , കൂടുതൽ താപം ഉല്പാദിപ്പിക്കപ്പെടുകയും ചുട്ടു പഴുക്കുകയും ചെയ്യുന്നു .*

***ജൂൾ ഹീറ്റിങ് ( ഓമിക് ഹീറ്റിങ്)***

*സർക്യൂട്ടിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ താപോർജം രൂപപ്പെടുന്ന പ്രവർത്തനമാണ് ജൂൾ ഹീറ്റിങ്.*

***Activity 4***

*ഓം നിയമം അനുസരിച്ച് $I = V / R$ , $I$ യുടെ വില മുകളിലത്തെ സമവാക്യത്തിൽ നൽകിയാൽ*

$$H = I^2Rt$$

$$H = (V/R)^2\ Rt$$

$$H = \left(\frac{V}{R}\right)^2 Rt \qquad = V^2\ t / R$$

***നിഗമനം***

**വൈദ്യുത പ്രവാഹം മൂലം ഒരു ചാലകത്തിൽ ഉണ്ടാകുന്ന താപം കാണുന്നതിനുള്ള സമവാക്യങ്ങൾ ,**

$$H = V\ I\ t$$
$$H = I^2Rt$$
$$H = V^2t / R$$

***H = താപം , V = വോൾട്ടേജ് , I = കറന്റ് , R = പ്രതിരോധം , t = സമയം***

## Activity 5 .a

**വീഡിയോ നിരീക്ഷണം**




A, B എന്നിവ 200 mL ബീക്കറുകളാണ്. അവയിൽ ജലം 100 mL എടുത്തിരിക്കുന്നു . PQ ഒരു നിക്രോം കമ്പിയാണ്. അതേ നീളവും വണ്ണവുമുള്ള ചെമ്പു കമ്പിയാണ് RS . തെർമോമീറ്റർ ഉപയോഗിച്ച് രണ്ട് ബീക്കറിലേയും താപനില അളക്കുക . വൈദ്യുതി കടത്തിവിട്ട് മൂന്ന് മിനിറ്റിന് ശേഷം രണ്ട് ബീക്കറിലേയും താപനില അളക്കുക .

**നിരീക്ഷണം**

**മൂന്ന് മിനിറ്റിന് ശേഷം**

ബീക്കർ A യിലെ താപനില ( നിക്രോം വച്ചിരിക്കുന്ന) = 36 $^{0}$ C

ബീക്കർ B യിലെ താപനില (കോപ്പർ വച്ചിരിക്കുന്ന ) = 33 $^{0}$ C

**നിഗമനം**

a. രണ്ട് കമ്പിയിലൂടെയും കടന്നുപോകുന്ന കറന്റ് തുല്യമാണ്.

b. നിക്രോമിന് പ്രതിരോധം കൂടുതലായതിനാൽ കൂടുതൽ ചൂടാകുന്നു.

c . താപം പ്രതിരോധത്തിന് നേർ അനുപാതത്തിലാണ് ( വോൾട്ടേജ്, കറന്റ് എന്നിവ സ്ഥിരമായിരിക്കുമ്പോൾ )

$$H \propto R$$

## Activity 5 . b

രണ്ട് ബീക്കറിലും 30 $^{0}$ C ലുള്ള 100 ml ജലം വീതം എടുക്കുന്നു . സർക്യൂട്ടിലെ വൈദ്യുത പ്രവാഹം 2 A ആയി വർദ്ധിപ്പിക്കുന്നു . മൂന്ന് മിനിറ്റ് വൈദ്യുതി കടത്തി വിട്ടതിന് ശേഷം താപനില അളക്കുന്നു .

**നിരീക്ഷണം**

മൂന്ന് മിനിറ്റിന് ശേഷം .

ബീക്കർ A യിലെ താപനില ( നിക്രോം വച്ചിരിക്കുന്ന) = 40 $^{0}$ C

**<u>നിഗമനം</u>**

a. *സർക്യൂട്ടിലെ കറന്റ് കൂടുമ്പോൾ താപം കൂടുന്നു .*

b. *താപം കറന്റിന്റെ (I) വർഗത്തിന് നേർ അനുപാതത്തിലാണ്.*

$$H \propto I^2$$

## <u>Activity 5.c</u> .

*5 മിനിറ്റ് നേരം വൈദ്യുതി കടത്തിവിട്ടതിന് ശേഷം താപനില അളക്കുന്നു .*

**<u>നിരീക്ഷണം</u>**

**അഞ്ച് മിനിറ്റിന് ശേഷം**

*ബീക്കർ A യിലെ താപനില ( നിക്രോം വച്ചിരിക്കുന്നു) = 44 $^0$ C*

*ബീക്കർ B യിലെ താപനില (കോപ്പർ വച്ചിരിക്കുന്നു )= 37 $^0$ C*

**<u>നിഗമനം</u>**

**a.** *സമയം (t) കൂടുമ്പോൾ താപം കൂടുന്നു .*

$$H \propto t$$

**<u>മുകളിൽ നൽകിയിരിക്കുന്ന നിഗമനങ്ങൾ ഒരുമിച്ച് ചേർത്താൽ ജൂൾ നിയമം ലഭിക്കുന്നു .</u>**

### ജൂൾനിയമം (Joule's Law)

വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലകത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപത്തിന്റെ അളവ് വൈദ്യുത പ്രവാഹതീവ്രതയുടെ വർഗത്തിന്റെയും ചാലകത്തിന്റെ പ്രതിരോധത്തിന്റെയും വൈദ്യുതി പ്രവഹിക്കുന്ന സമയത്തിന്റെയും ഗുണനഫലത്തിന് നേർ അനുപാതത്തിലായിരിക്കും.

$H \propto I^2Rt$ $\therefore$ $H = I^2Rt$ ജൂൾ

I ആമ്പയർ യൂണിറ്റിലുള്ള വൈദ്യുതപ്രവാഹതീവ്രതയെയും R ഓം യൂണിറ്റിലുള്ള പ്രതിരോധത്തെയും t സെക്കന്റ് യൂണിറ്റിലുള്ള സമയത്തെയും സൂചിപ്പിക്കുന്നു.

## ***Assignments***

ജൂൾനിയമത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കൂ.

| ചാലകത്തിന്റെ പ്രതിരോധം R (Ω) | വൈദ്യുത പ്രവാഹ തീവ്രത I (A) | വൈദ്യുതി പ്രവഹിച്ച സമയം t (s) | ഉൽപ്പാദിപ്പിക്കപ്പെട്ട താപം $I^2Rt$ (J) | താപത്തിലുണ്ടായ മാറ്റം (H) |
|---|---|---|---|---|
| 2R | I | t | $2I^2Rt$ | രണ്ടു മടങ്ങ് (2H) |
| R | 2I | t | .................. | .................. |
| R/2 | I | t | .................. | .................. |
| R | I/2 | t | .................. | .................. |
| R | I | 2t | .................. | .................. |
| R | I | t/2 | .................. | .................. |

പട്ടിക 1.2

## Answer of Assignments

| ചാലകത്തിന്റെ പ്രതിരോധം R (Ω) | വൈദ്യുത പ്രവാഹ തീവ്രത I (A) | വൈദ്യുതി പ്രവഹിച്ച സമയം | ഉല്പാദിപ്പിക്കപ്പെട്ട താപം H(J) | താപത്തിൽ വന്ന മാറ്റം (H) |
|---|---|---|---|---|
| 2 R | I | t | $2I^2Rt$ | 2 മടങ്ങ് (2H) |
| R | 2I | t | $4I^2Rt$ | നാല് മടങ്ങ് (4H) |
| R/2 | I | t | $I^2Rt/2$ | പകുതി ആകുന്നു (H/2) |
| R | I/2 | t | $I^2Rt/4$ | നാലിൽ ഒന്നായി കുറയുന്നു (H/4) |
| R | I | 2t | $2I^2Rt$ | 2 മടങ്ങ് (2H) |
| R | I | t/2 | $I^2Rt/2$ | പകുതി ആകുന്നു (H/2) |

## ***15/06/2020 – Class 3***
## ***Activity 1***

**നമ്മുടെ വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുത താപനോപകരണങ്ങൾ കണ്ടെത്തുക ?**

1.വൈദ്യുത ഇസ്തിരിപ്പെട്ടി
2. ഇലക്ട്രിക് വാട്ടർ ഹീറ്റർ
3.ഇമേഴ്ഷൺ ഹീറ്റർ
4. റൂം ഹീറ്റർ
5. സോൾഡറിങ് അയൺ

## ***Activity 2***

***വൈദ്യുത താപന ഉപകരണങ്ങളിൽ താപം ഉണ്ടാകുന്നതെങ്ങനെ ?***

***ചർച്ച***

- *ഇത്തരം ഉപകരണങ്ങളിൽ നടക്കുന്ന ഊർജമാറ്റം എന്താണ്?* ***വൈദ്യുത ഊർജം താപോർജം ആകുന്നു .***
- *ഈ ഉപകരണങ്ങളിലേക്ക് വൈദ്യുതി നൽകുന്നത് എന്തിലൂടെയാണ് ?* ***ചാലക കമ്പി വഴി***
- *ഉപകരണത്തിന്റെ ചൂടാകുന്ന ഭാഗം ഏതാണ്?* ***ഹീറ്റിങ് കോയിൽ***
- *ചൂടാകാനായി പ്രത്യേകം നിർമ്മിച്ച ഭാഗങ്ങൾ ഇത്തരം ഉപകരണങ്ങളിൽ ഉണ്ടോ ? എങ്കിൽ ഏത്?* ***ഹീറ്റിങ് കോയിൽ***

***<u>നിഗമനങ്ങൾ</u>***

***<u>ഹീറ്റിങ് കോയിൽ</u>***

- ***വൈദ്യുത താപന ഉപകരണങ്ങളിൽ വൈദ്യുതോർജം താപോർജമാക്കുന്ന ഭാഗമാണ് ഹീറ്റിങ് കോയിൽ .***
- ***ഹീറ്റിങ് കോയിൽ നിർമ്മിച്ചിരിക്കുന്നത് നിക്രോം എന്ന ലോഹസങ്കരം കൊണ്ടാണ്. നിക്കൽ , ക്രോമിയം, അയൺ എന്നിവയുടെ സങ്കരമാണ് നിക്രോം .***
- ***ഹീറ്റിങ് കോയിലിലൂടെ വൈദ്യുതി കടന്നു പോകുമ്പോൾ വൈദ്യുതോർജം താപോർജമാകുന്നു .***

***വൈദ്യുത താപനോപകരണങ്ങളിൽ ഹീറ്റിങ് കോയിലായി ചുരുളുകളാക്കിയ നിക്രോം ഉപയോഗിക്കുന്നതെന്തുകൊണ്ട്?***

*ചുരുളുകളാക്കുമ്പൊൾ കുറഞ്ഞ സ്ഥലത്ത് കൂടുതൽ നീളമുള്ള നിക്രോം വയർ ഉൾക്കൊള്ളാൻ സാധിക്കുന്നു . ഒരു ചാലകത്തിന്റെ പ്രതിരോധം അതിന്റെ നീളത്തിന് നേർ അനുപാതത്തിലാണ്. അതിനാൽ ഹീറ്റിങ് കോയിലിന്റെ നീളം ക്രമീകരിച്ച് ഉപകരണത്തിൽ ഉണ്ടാകുന്ന താപത്തിന്റെ അളവ് നിയന്ത്രിക്കാൻ സാധിക്കുന്നു .*

***നിക്രോമിന്റെ ഏതെല്ലാം മേന്മകളാണ് വൈദ്യുത താപനോപകരണങ്ങളിൽ പ്രയോജനപ്പെടുത്തുന്നത്?***

- *ഉയർന്ന റെസിസ്റ്റിവിറ്റി*
- *ഉയർന്ന ദ്രവണാങ്കം*
- *ചുവന്ന് ചുട്ടുപഴുത്ത അവസ്ഥയിൽ ഓക്സീകരിക്കപ്പെടാതെ ദീർഘനേരം നിലനിൽക്കാനുള്ള കഴിവ്.*
- *നേർത്ത കമ്പികളാക്കി മാറ്റാൻ കഴിയുന്നു .*

***ഹീറ്റിങ് കോയിൽ ഇല്ലാത്ത വൈദ്യുത താപനോപകരണങ്ങൾ***

- *ഇൻഡക്ഷൻ കുക്കർ ( എഡ്ഡി കറന്റ് മൂലം താപം ഉണ്ടാകുന്നു )*
- *മൈക്രോവേവ് ഓവൻ ( മൈക്രോവേവ് ഉപയോഗിച്ച് താപം ഉണ്ടാക്കുന്നു )*

## ***Activity 3***

*വീഡിയോ നിരീക്ഷണം*




***ചിത്രം*** *. 1*

*ചിത്രം 1 ൽ നൽകിയതു പോലെ സർക്യൂട്ട് ക്രമീകരിക്കുന്നു.*

*നിരീക്ഷണം* – ***ബൾബ് പ്രകാശിക്കുന്നു***







***ചിത്രം*** *2*

***ചിത്രം*** *2 ൽ നൽകിയതു പോലെ ഒരു ചാലക കമ്പി ഉപയോഗിച്ച് X , Y എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്നു . X , Y എന്നിവക്കിടയിൽ പ്രതിരോധം കുറഞ്ഞ ഒരു പാത ഉണ്ടാകുന്നു .*

*നിരീക്ഷണം* – ***ബൾബ് ഓഫാകുന്നു . സർക്യൂട്ടിലെ കറന്റ് കൂടുകയും കണക്റ്റിങ് വയർ ചൂടായി ഉരുകുകയും ചെയ്യുന്നു .***

**<u>നിഗമനം</u>**

**ചാലക കമ്പി വഴി X , Y എന്നിവ തമ്മിൽ ബന്ധിപ്പിക്കുമ്പോൾ പ്രതിരോധം കുറഞ്ഞ ഒരു പാത ഉണ്ടാകുന്നതിനാൽ സർക്യൂട്ടിലെ കറന്റ് കൂടുകയും അതിന്റെ ഫലമായി കൂടുതൽ താപം ഉണ്ടാവുകയും ചെയ്യുന്നു .**







*ചിത്രം 3*

*ചിത്രം 3 ലേതു പോലെ ഒരു ഫ്യൂസ് വയർ സർക്ക്യൂട്ടിൽ ഉൾപ്പെടുത്തുന്നു .*

*<u>നിരീക്ഷണം</u>* – **X ഉം Y യും തമ്മിൽ ചാലകം വഴി ബന്ധിപ്പിക്കുമ്പോൾ ഫ്യൂസ് വയർ ഉരുകുകയും വൈദ്യുത ബന്ധം വിഛേദിക്കുകയും ചെയ്യുന്നു .**

**<u>ഫ്യൂസ് വയറിന്റെ സവിശേഷതകൾ</u>**

- *ടിനും , ലെഡും ചേർന്ന ലോഹസങ്കരമാണ് ഫ്യൂസ് വയർ*
- *താഴ്ന്ന ദ്രവണാങ്കം*

**<u>നിഗമനം</u>**

**<u>ഷോർട്ട് സർക്ക്യൂട്ട്</u>**

**ബാറ്ററിയിലെ പോസിറ്റീവ് ടെർമിനലും നെഗറ്റീവ് ടെർമിനലും തമ്മിലോ , മെയിൻസിലെ രണ്ട് വയറുകൾ തമ്മിലോ പ്രതിരോധമില്ലാതെ സമ്പർക്കത്തിൽ വരുന്നതാണ് ഷോർട്ട് സർക്ക്യൂട്ട്.**

**<u>ഷോർട്ട് സർക്ക്യൂട്ട് ഉണ്ടാകാനുള്ള പ്രധാന കാരണം</u>**

*ഇൻസുലേഷൻ തകരാർ*

## <u>*Activity 4*</u>

**ചിത്രം നിരീക്ഷിക്കുക**



*മൾട്ടി പിൻ സോക്കറ്റ് വഴി കൂടുതൽ ഉപകരണങ്ങളെ നാം സർക്യൂട്ടിൽ ഉൾ പ്പെടുത്താറുണ്ട്. അങ്ങനെ ചെയ്യുമ്പോൾ സർക്ക്യൂട്ടിലെ പവർ , കറന്റ് ഇവക്ക് എന്ത് സംഭവിക്കും ?*

**സർക്ക്യൂട്ടിലെ കറന്റ്, പവർ എന്നിവ കൂടുന്നു .**

## നിഗമനം

**ഓവർ ലോഡിങ്**

**ഒരു സർക്കൂട്ടിൽ താങ്ങാവുന്നതിലധികം പവർ ഉള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതാണ് ഓവർ ലോഡിങ്.**

## Activity 5.

***ഷോർട്ട് സർക്കൂട്ടിൽ കറന്റ് കൂടാൻ കാരണം എന്താണ്?***

**ചിത്രം നിരീക്ഷിക്കുക**

*100 Ω പ്രതിരോധമുള്ള ഒരു ബൾബിന് 200 V പൊട്ടൻഷ്യൽ വ്യത്യാസം നൽകുന്നു .*

***സർക്യൂട്ടിലെ കറന്റ്, I = V / R = 200/ 100 = 2 A***




*5 Ω പ്രതിരോധമുള്ള ചാലക കമ്പി ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ബൾബിന്റെ ടെർമിനലുകൾക്കിടയിൽ ബന്ധിപ്പിക്കുന്നു .*




## നിരീക്ഷണം

*ബൾബിലൂടെ വൈദ്യുതി പ്രവഹിക്കുന്നില്ല .പ്രതിരോധം കുറഞ്ഞ ചാലക കമ്പി വഴി വൈദ്യുതി പ്രവഹിക്കുന്നു .*

***ഇപ്പോഴത്തെ കറന്റ് I = V / R = 200 / 5 = 40 A***

## നിഗമനം

**ഷോർട്ട് സർക്കൂട്ട് സംഭവിക്കുമ്പോൾ പ്രതിരോധം കുറയുന്നതിനാൽ കറന്റ് കൂടുന്നു .**

**<u>നിഗമനം</u>**

**ഓവർ ലോഡിങ്, ഷോർട്ട് സർക്യൂട്ട് എന്നിവ സംഭവിക്കുമ്പോൾ സർക്യൂട്ടിലെ കറന്റ് കൂടുന്നു .**

## <u>Activity 6</u>



**<u>സുരക്ഷാ ഫ്യൂസിന്റെ ഭാഗങ്ങൾ</u>**

1. പോർസലിൻ സോക്കറ്റ്
2. ഫ്യൂസ് കാരിയർ
3. ഫ്യൂസ് വയർ – ഫ്യൂസ് കാരിയറിൽ ആണ് ഫ്യൂസ് വയർ ബന്ധിപ്പിക്കേണ്ടത്.

**ഫ്യൂസ് വയർ ഉരുകിപോകാൻ ഇടയാക്കുന്ന അമിതമായ വൈദ്യുത പ്രവാഹമുണ്ടാകുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ്?**

- ഷോർട്ട് സർക്യൂട്ട്
- ഓവർ ലോഡിങ്

**<u>സുരക്ഷാഫ്യൂസ്</u>**

**ഒരു സർക്യൂട്ടിലൂടെ അമിത വൈദ്യുത പ്രവാഹം ഉണ്ടാകുന്നതുമൂലമുള്ള അപകടങ്ങളിൽ നിന്നു നമ്മെയും ഉപകരണങ്ങളെയും സംരക്ഷിക്കാനുള്ള സംവിധാനമാണ് സുരക്ഷാഫ്യൂസ്.**

- **ഫ്യൂസ് വയറിലൂടെ എപ്പോഴും വൈദ്യുതി പ്രവഹിക്കുന്നുണ്ടെങ്കിലും , എല്ലായ്പ്പോഴും ഫ്യൂസ് വയർ ഉരുകുന്നില്ല ? കാരണമെന്താണ്?**

ഒരു സർക്യൂട്ടിൽ ബന്ധിപ്പിച്ചിരിക്കുന്ന ഫ്യൂസ് വയറിലൂടെ വൈദ്യുതി പ്രവഹിക്കുന്ന സമയം മുഴുവനും ഫ്യൂസ് വയറിൽ ചെറിയ തോതിൽ താപം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ താപം ചുറ്റുപാടുകളിലേക്ക് പ്രേഷണം ചെയ്ത് പോകുന്നതിനാൽ ഫ്യൂസ് വയർ ഉരുകുന്നില്ല .

- **സുരക്ഷാ ഫ്യൂസ് എങ്ങനെയാണ് വൈദ്യുത ഉപകരണങ്ങൾക്കും , സർക്യൂട്ടിനും സുരക്ഷ ഉറപ്പു വരുത്തുന്നത്?**

സർക്യൂട്ടിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ കറന്റ് ഒഴുകുമ്പോൾ ക്രമത്തിലധികം താപം ഉണ്ടാകുന്നു . അപ്പോൾ പ്രേഷണം വഴി നഷ്ടപ്പെട്ടുപോകുന്നതിനേക്കാൾ കൂടുതൽ താപം യൂണിറ്റ് സമയത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതിനാൽ ദ്രവണാങ്കം കുറഞ്ഞ ഫ്യൂസ് വയർ ഉരുകി വൈദ്യുത ബന്ധം വിഛേദിക്കുന്നു.

- ***വീടുകളിലെ ഫ്യൂസ് വയർ സർക്യൂട്ടിൽ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

- *ഫ്യൂസ് വയറിന്റെ അഗ്രങ്ങൾ യഥാസ്ഥാനങ്ങളിൽ ദൃഢമായി ബന്ധിപ്പിക്കണം .*
- *ഫ്യൂസ് വയർ കാരിയർ ബേസിൽ നിന്ന് പുറത്തേക്കു തള്ളി നിൽക്കരുത്.*
- *അനുയോജ്യമായ ആമ്പയറേജിലുള്ള ഫ്യൂസ് വയർ ഉപയോഗിക്കുക .*
- *ശ്രേണിയിലാണ് ഫ്യൂസ് വയർ സർക്യൂട്ടിൽ ബന്ധിപ്പിക്കേണ്ടത്.*

***ആമ്പയറേജ്***

*ഒരു ഉപകരണത്തിന്റെ പവറും അതിൽ നൽകുന്ന വോൾട്ടേജും തമ്മിലുള്ള അനുപാതമാണ് ആ ഉപകരണത്തിന്റെ ആമ്പയറേജ്. ചാലകത്തിന്റെ കനം കൂടുമ്പോൾ ആമ്പയറേജ് കൂടുന്നു .*

***ആമ്പയറേജ് =പവർ / വോൾട്ടേജ്***

## ***Assignments***

*കാറ്റ്റിഡ്ജ് ടൈപ്പ് ഫ്യൂസിന്റെ ചിത്രമാണ് നൽകിയിരിക്കുന്നത്.*



***1. ഇത്തരം ഫ്യൂസുകൾ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പേരും , അവയിൽ ഉപയോഗിക്കുന്ന ഫ്യൂസുകളുടെ ആമ്പിയറേജും കണ്ടെത്തുക ?***

## ***17/06/2020 – Class 4***

## ***Activity 1***

*ജൂൾ നിയമത്തിന്റെ സമവാക്യങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ*

*വൈദ്യുത പ്രവാഹം മൂലം ഉണ്ടാകുന്ന താപം കണ്ടെത്തുന്നതിനുള്ള സമവാക്യങ്ങൾ*

$$H = I^2 R t$$
$$H = V I t$$
$$H = V^2 t / R$$
$$H = P X t$$

## ***Question 1***

*200 Ω പ്രതിരോധമുള്ള ഒരു ചാലകത്തിലൂടെ 0.2 A വൈദ്യുതി 5 മിനിറ്റ് സമയം പ്രവഹിച്ചാൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപം എത്രയായിരിക്കും ?*

**I = 0.2 A**
**R = 200 Ω**
**t = 5 X 60 = 300 s**
**H = $I^2Rt$ = 0.2 X 0.2 X 200 X 300**
**= 0.04 X 200 X 300**
**= 2400 . 00**
**= 2400 J**

## ***Question 2***

230 V ൽ പ്രവർത്തിക്കുന്ന ഒരു ബൾബിന്റെ പ്രതിരോധം 920 Ω ആണെങ്കിൽ മൂന്ന് മിനിറ്റിൽ ഉല്പാദിപ്പിക്കുന്ന താപത്തിന്റെ അളവ് കണ്ടെത്തുക ?

**R = 920 Ω**
**V = 230 V**
**t = 3X60 =180 s**
***H = $V^2t / R$ = 230 X 230 X 180 / 920 = 10350 J***

*മറ്റൊരു മാർഗ്ഗം*

***R = 920 Ω***
***V = 230 V***
***t = 3X60 =180 s***
***I = V / R = 230 / 920 = 1 / 4 = 0.25 A***
***H = $I^2Rt$ = 0.25 X 0.25 X 920 X 180 = 10350 J***

## *Assignments*

1. **H = V I t** , എന്ന സമവാക്യം ഉപയോഗിച്ച് മുകളിൽ തന്നിരിക്കുന്ന പ്രശ്നം നിർദ്ധാരണം ചെയ്യുക ?

2. ചുവടെ നൽകിയിരിക്കുന്ന രണ്ട് ഹീറ്ററുകളുടെ വിവരങ്ങൾ ശ്രദ്ധിക്കുക .ഇവ 5 മിനിറ്റ് പ്രവർത്തിച്ചാൽ ഉണ്ടാകുന്ന താപം എത്രയായിരിക്കും ? രണ്ട് ഹീറ്ററുകളിലും ഉണ്ടാകുന്ന താപത്തിന്റെ അളവിൽ വ്യത്യാസം വരാൻ കാരണം എന്തായിരിക്കും ?

| ഹീറ്റർ - A | | | ഹീറ്റർ - B | | |
|---|---|---|---|---|---|
| പ്രവർത്തന വോൾട്ടത | : | 230 V | പ്രവർത്തന വോൾട്ടത | : | 230 V |
| പ്രതിരോധം | : | 1150 Ω | പ്രതിരോധം | : | 460 Ω |
| പ്രവർത്തിക്കുന്ന സമയം | : | 5 minute | പ്രവർത്തിക്കുന്ന സമയം | : | 5 minute |

3 . 230 V സപ്ലൈയുമായി ഒരു താപന ഉപകരണം ബന്ധിപ്പിച്ചപ്പോൾ സെർക്കീട്ടിലൂടെ 0.5 A കറന്റ് പ്രവഹിക്കുന്നു .

(a) സർക്കീട്ടിലൂടെ 5 മിനിറ്റിൽ  പ്രവഹിക്കുന്ന വൈദ്യുതചാർജിന്റെ അളവ് ?

**(i) 5 C (ii) 15 C (iii) 150 C ( iv) 1500 C**

(b) സർക്കീട്ടിന്റെ പ്രതിരോധം എത്ര ?

(c) സർക്കീട്ടിലൂടെ 5 മിനിറ്റ് വൈദ്യുതി ഒഴുകിയാൽ ഉല്പാദിപ്പിക്കുന്ന താപത്തിന്റെ അളവ് ?

4 . ജൂൾ നിയമ പ്രകാരം വൈദ്യുതി പ്രവഹിക്കുന്ന സർക്കീട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപം $H=I^2Rt$ ആണ് . ഉപകരണം പ്രവർത്തിക്കുന്ന വോൾട്ടതയിൽ വ്യത്യാസം വരുത്താതെ പ്രതിരോധം വർധിപ്പിച്ചാൽ താപം വർദ്ധിക്കുമോ ?വിശദീകരിക്കുക ?

UNIT 1

<u>**വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ**</u>

## 29/06/2020 – Class 6

## <u>Activity 1</u>

## <u>Answer of Assignments</u>

1. 4 Ω , 2 Ω പ്രതിരോധകങ്ങളെ ശ്രേണിയിൽ 6 V ബാറ്ററിയുമായി ബന്ധിപ്പിച്ചാൽ സർക്യൂട്ടിലെ കറന്റ് കാണുക?

**$R_1 = 4\ \Omega$ , $R_2 = 2\ \Omega$, $V = 6$ V**

**$R = R_1 + R_2 = 4 + 2 = 6\ \Omega$**

**$I = V / R = 6 / 6 = 1$ A**



### <u>Activity 2</u>

<u>**പ്രതിരോധകങ്ങൾ സമാന്തരമായി**</u>

<u>**ചർച്ച**</u>

ചിത്രത്തിൽ കാണുന്നതുപോലെ മൂന്ന് പ്രതിരോധകങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നു.

- പ്രതിരോധകങ്ങളുടെ ഈ രീതിയിലുള്ള ക്രമീകരണത്തിന്റെ പേരെന്ത്? **സമാന്തര രീതി**
- ഈ രീതിയിൽ പ്രതിരോധകങ്ങളുടെ സ്വതന്ത്ര അഗ്രങ്ങൾ എങ്ങനെയാണ് ബന്ധിപ്പിച്ചിരിക്കുന്നത് ? **പൊതുവായി ഒരുമിച്ച് ഒരു ബിന്ദുവിൽ ബന്ധിപ്പിച്ചിരിക്കുന്നു.**
- 6 V ന്റെ ഒരു സെല്ല് പൊതുവായ അഗ്രങ്ങൾക്കിടയിൽ ബന്ധിപ്പിച്ചാൽ ഒന്നാമത്തെ പ്രതിരോധകത്തിന്റെ അഗ്രങ്ങൾക്കിടയിലെ വോൾട്ടേജ് എത്രയാണ് ? **6V**
- മറ്റ് രണ്ട് പ്രതിരോധകങ്ങൾക്ക് ലഭിക്കുന്ന വോൾട്ടേജ്എത്രയാണ് ? **6 V**

<u>**നിഗമനം**</u>

**പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിക്കുമ്പോൾ എല്ലാ പ്രതിരോധകങ്ങൾക്കും ഒരേ വോൾട്ടേജ് ലഭിക്കുന്നു. (നൽകുന്ന വോൾട്ടേജ് തന്നെ )**

### <u>Activity 3.a</u>



40 W ന്റെ മൂന്ന് ബൾബുകളെ സമാന്തരമായി ബന്ധിപ്പിച്ച് സ്വിച്ചുകൾ ഓൺ ചെയ്യുന്നു.

<u>**നിരീക്ഷണം**</u>

മൂന്ന് ബൾബുകളും ഒരേ തീവ്രതയിൽ പ്രകാശിക്കുന്നു.

### <u>Activity 3.b</u>



40 W ന്റെ ഒരു ബൾബ് മാത്രം പ്രത്യേകം സർക്യൂട്ടിൽ ബന്ധിപ്പിച്ച് പ്രകാശിപ്പിക്കുന്നു.

<u>**നിരീക്ഷണം**</u>

സമാന്തര രീതിയിൽ പ്രകാശിപ്പിച്ച ബൾബുകളുടെ അതേ തീവ്രതയിൽ ബൾബ് പ്രകാശിക്കുന്നു.

**ചർച്ച**

- പ്രത്യേകം ബന്ധിപ്പിച്ച ബൾബിന് നൽകിയ വോൾട്ടേജ് എത്രയാണ്? **230 V**
- ബൾബുകൾ സമാന്തരമായി ബന്ധിപ്പിച്ചപ്പോൾ നൽകിയ വോൾട്ടേജ് എത്രയാണ്? **230 V**
- ഒന്നാമത്തെ ബൾബിന് ലഭിച്ച വോൾട്ടേജ് എത്രയാണ്? **230 V**
- മറ്റ് രണ്ട് ബൾബുകൾക്കും ലഭിച്ച വോൾട്ടേജ് എത്രയാണ് ? **230 V**

**നിഗമനം**

**സമാന്തരമായി ബന്ധിപ്പിക്കുമ്പോൾ എല്ലാ ബൾബുകൾക്കും ഒരേ വോൾട്ടേജ് ലഭിക്കുന്നു .**

## Activity 4

സർക്യൂട്ടിലെ ഓരോ സ്വിച്ചുകളും ഒന്നിനു പിറകെ മറ്റൊന്നായി ഓഫ് ചെയ്യുന്നു.


ഒരു സ്വിച്ച് മാത്രം ഓഫ്


രണ്ട് സ്വിച്ചുകൾ ഓഫ്


മൂന്ന് സ്വിച്ചും ഓഫ്

**നിരീക്ഷണം**

ഓരോ സ്വിച്ചുകളും ഓഫ് ചെയ്യുമ്പോൾ ആ ബൾബുകൾ മാത്രം ഓഫാകുന്നു. മറ്റ് ബൾബുകൾ പ്രകാശിക്കുന്നു

**നിഗമനം**

- **വൈദ്യുത ഉപകരണങ്ങൾ സമാന്തരമായി ബന്ധിപ്പിക്കുമ്പോൾ പ്രത്യേക സ്വിച്ചുകൾ ഉപയോഗിച്ച് അവയെ നിയന്ത്രിക്കാം.**
- **ഗ്രഹവൈദ്യുത സർക്യൂട്ടിൽ ഉപകരണങ്ങൾ സമാന്തരമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്.**

## Activity 5



40 W, 60 W, 100 W ന്റെ ഓരോ ബൾബുകൾ സമാന്തരമായി ബന്ധിപ്പിച്ച് സ്വിച്ചുകൾ ഓൺ ആക്കുന്നു.

**നിരീക്ഷണം**

- ഓരോബൾബും അതിന്റെ പവറിനനുസരിച്ച് പ്രകാശിക്കുന്നു.
- 100 W ബൾബ് കൂടുതൽ തീവ്രതയിൽ പ്രകാശിക്കുന്നു .

- 60 W ബൾബ് 100 W ബൾബിനെക്കാൾ കുറഞ്ഞ തീവ്രതയിൽ പ്രകാശിക്കുന്നു.
- 40 ബൾബ് ഏറ്റവും കുറഞ്ഞ തീവ്രതയിൽ പ്രകാശിക്കുന്നു.

**നിഗമനം**

**എല്ലാ ബൾബുകൾക്കും ഒരേ വോൾട്ടേജ് ലഭിക്കുന്നു**

**ചർച്ച**

- ഒരു ബൾബിന്റെ പ്രതിരോധവും പവറും തമ്മിലുള്ള ബന്ധമെന്താണ് ?

**കുറഞ്ഞ പവറുള്ള ബൾബിന് പ്രതിരോധം കൂടുതലാണ്.**

**കൂടിയ പവറുള്ള ബൾബിന് പ്രതിരേധം കുറവാണ്.**

- ഏത് ബൾബിനാണ് പ്രതിരോധം കൂടുതൽ? **40 W**
- ഏത് ബൾബിനാണ് പ്രതിരോധം കുറവ് ? **100 W**
- ഏത് ബൾബിലൂടെയാണ് കൂടിയ കറന്റ് പ്രവഹിക്കുന്നത്? **100 W ( കുറഞ്ഞ പ്രതിരോധമുള്ള)**
- ഏത് ബൾബിലൂടെയാണ് കുറഞ്ഞ കറന്റ് പ്രവഹിക്കുന്നത് ? **40 W ( കൂടിയ പ്രതിരോധമുള്ള)**

## Activity 6.a

**സമാന്തര രീതിയിലെ കറന്റ്**

ഒന്നാമത്തെ ബൾബിന്റെ പ്രതിരോധം 50 Ω ഉം രണ്ടാമത്തെ ബൾബന്റേത് 25 Ω ഉം മൂന്നാമത്തെ ബൾബിന്റേത് 10 Ω ഉം ആണെന്ന് സങ്കൽപ്പിക്കുക. സർക്യൂട്ടിൽ നൽകുന്ന വോൾട്ടേജ് 100 V ഉം ആയാൽ ഓരോ ബൾബിലൂടെയും പ്രവഹിക്കുന്ന കറന്റ് കാണുക ?

**ഒന്നാമത്തെ ബൾബ്**

$V = 100\ V$

$V = I_1 R_1$

$100 = I_1 \times 50$

$I_1 = 100/50 = \mathbf{2\ A}$

**രണ്ടാമത്തെ ബൾബ്**

$V = 100\ V$

$V = I_2 R_2$

$100 = I2 \times 25$

$I_2 = 100/25 = \mathbf{4\ A}$

**മൂന്നാമത്തെ ബൾബ്**

$V = 100\ V$

$V = I_3 R_3$

$100 = I_3 \times 10$

$I_3 = 100/10 = \mathbf{10\ A}$

**നിഗമനങ്ങൾ**

- പവർ കൂടിയ ബൾബിലൂടെ കൂടുതൽ കറന്റ് പ്രവഹിക്കുന്നു. ( പ്രതിരോധം കുറഞ്ഞ)
- പവർ കുറഞ്ഞ ബൾബിലൂടെ കുറഞ്ഞ കറന്റ് പ്രവഹിക്കുന്നു. ( പ്രതിരോധം കൂടിയ)
- ഓരോ ബൾബുകൾക്കായി കറന്റ് വിഭജിക്കപ്പെടുന്നു.

## Activity 6.b

സർക്ക്യൂട്ടിൽ പ്രവഹിക്കുന്ന കറന്റ് $I = I_1 + I_2 + I_3$

ഓം നിയമം അനുസരിച്ച് , $I = V/R$

$$I_1 = V / R_1$$
$$I_2 = V / R_2$$
$$I_3 = V / R_3$$
$$I = I_1 + I_2 + I_3$$

**V** സർക്ക്യൂട്ടിൽ നൽകിയ വോൾട്ടേജും **R** സഫലപ്രതിരോധവും ആയാൽ,

$$V/R = V/R_1 + V/R_2 + V/R_3$$
$$V/R = V ( 1/ R_1 + 1/ R_2 + 1/R_3 )$$

രണ്ടു വശത്തുമുള്ള V ക്യാൻസൽ ആയാൽ,

$$I/R = 1/R_1 + 1/R_2 + 1/ R_3$$

**നിഗമനം**

പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിച്ചാൽ,

$$\mathbf{I/R = 1/R_1 + 1/R_2 + 1/ R_3}$$

സഫല പ്രതിരോധത്തിന്റെ വ്യുൽക്രമം എന്നത് ഓരോ പ്രതിരോധകത്തിന്റെയും വ്യുൽക്രമങ്ങളുടെ തുകയ്ക്ക് തുല്യമാണ്.

## Activity 7

രണ്ട് പ്രതിരോധകങ്ങളെ മാത്രം സർക്ക്യൂട്ടിൽ ഉൾപ്പെടുത്തിയാൽ,

$$I/R = 1/R_1 + 1/R_2$$
$$1 / R = \frac{R_1 + R_2}{R_1 R_2}$$

$$\mathbf{R = \frac{R_1 R_2}{R_1 + R_2}}$$

## Activity 7.b

2 Ω, 4 Ω പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിച്ചാൽ സഫല പ്രതിരോധം കാണുക?

$$R_1 = 2\ \Omega,\ R_2 = 4\ \Omega$$
$$I/R = 1/R_1 + 1/R_2$$
$$= 1/2 + 1/4$$
$$= 6/8 = 3/4$$
$$R = 4 / 3 = 1.33\ \Omega$$

- സർക്ക്യൂട്ടിലെ കുറഞ്ഞ പ്രതിരോധം എത്രയാണ്? **2Ω**
- സർക്ക്യൂട്ടിലെ സഫല പ്രതിരോധം എത്രയാണ്? **1.33Ω**

**നിഗമനം**

പ്രതിരോധകങ്ങളെ സമാന്തര രീതിയിൽ ബന്ധിപ്പിക്കുമ്പോൾ സഫല പ്രതിരോധം, ആ സർക്ക്യൂട്ടിലുള്ള ഏറ്റവും കുറഞ്ഞ പ്രതിരോധകത്തിന്റെ പ്രതിരോധത്തേക്കാൾ കുറവായിരിക്കും..

## Activity 8

മൂന്ന് 2 Ω പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിച്ചാൽ സർക്യൂട്ടിലെ സഫല പ്രതിരോധം കാണുക?

$$I/R = 1/R_1 + 1/R_2 + 1/R_3$$
$$1/R = 1/2 + 1/2 + 1/2 = 3/2$$
$$\mathbf{R = 2/3\ \Omega}$$

ഇവിടെ **3** എന്നത് പ്രതിരോധകങ്ങളുടെ എണ്ണവും **(n)**,2 എന്നത് ഒരു പ്രതിരോധകത്തിന്റെ പ്രതിരോധവും**(r)** ആയാൽ

**നിഗമനം**

**r** Ω പ്രതിരോധമുള്ള **n** പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിച്ചാൽ,

സഫല പ്രതിരോധം **R = r/n**

## Activity 9

3 Ω ന്റെ പത്ത് പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിച്ചാൽ സഫല പ്രതിരോധം കാണുക?

ഇവിടെ, n= 10 , r= 3 Ω

R= r/n = 3/10 = **0.3 Ω**

**ക്രോഡീകരണം**

പ്രതിരോധകങ്ങളെ സമാന്തരമായി ബന്ധിപ്പിക്കുമ്പോൾ,

- സഫല പ്രതിരോധം കുറയുന്നു
- കറന്റ് കൂടുന്നു.
- ഓരോ പ്രതിരോധകത്തിലൂടെയും ഒഴുകുന്ന കറന്റ് വ്യത്യസ്തമാണ്. (കുറഞ്ഞ പ്രതിരോധകത്തിലൂടെ കൂടിയ കറന്റ് ഒഴുകുന്നു )
- ഓരോ പ്രതിരോധകത്തിനുമായി കറന്റ് വിഭജിക്കപ്പെടുന്നു.
- ഓരോ പ്രതിരോധകത്തിലൂടെയും ഒഴുകുന്ന കറന്റുകളുടെ തുകയായിരിക്കും സർക്യൂട്ടിലെ ആകെ കറന്റ്.
- എല്ലാ പ്രതിരോധകത്തിനും ഒരേ വോൾട്ടേജായിരിക്കും ലഭിക്കുക.
- പ്രത്യേക സ്വിച്ചുകൾ വഴി ഓരോ ഉപകരണങ്ങളെയും നിയന്ത്രിക്കാൻ കഴിയുന്നു.

## Assignments

2 Ω , 4 Ω പ്രതിരോധകങ്ങളെ സമാന്തരമായി 12 V ബാറ്ററിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. സർക്യൂട്ടിലെ കറന്റ് കണ്ട് പിടിക്കുക?